പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3352 — 21/12/2012-ൽ മറുപടിയ്ക്ക്

# ഹരിതകലവറ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ)ഹരിത കലവറ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമുണ്ട്; | എ) കേരളത്തിലെ തനത് കാർഷിക വിഭവങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങളായ ചേന, കാച്ചിൽ, ചേമ്പ്, നനകിഴങ്ങ്, മരിച്ചീനി, വാഴപഴങ്ങൾ, തേൻ, തേങ്ങ, വെളിച്ചെണ്ണ, ചക്ക, ശീമച്ചക്ക, കൈതച്ചക്ക സുഗന്ധവ്യഞ്ജനങ്ങൾ മുതലായവക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനും, മറുനാടൻ മലയാളികൾക്ക് ഇവ ന്യായമായ വിലക്ക് ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| ബി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി)കേരളത്തിന്റെ തനതായ കാർഷിക ഉൽപ്പന്നങ്ങൾ മറുനാടൻ മലയാളികൾക്ക് എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | ബി&സി)ഹോർട്ടികോർപ്പ് ഇന്ത്യൻ റെയിൽവേയുമായുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ സൗജന്യ ചരക്ക് കൂലി നിരക്കിൽ (കിലോയ്ക്ക് 8/- രൂപ നിരക്കിൽ) ഈ ഉൽപ്പന്നങ്ങൾ ന്യൂഡൽഹിയിൽ എത്തിക്കുന്നു. അവിടെ 'ശ്രുതി ആർട്ട്സ്' എന്ന മലയാളി സംഘടനയുടെ സഹായത്തോടെ ഇവ വിപണനം നടത്തുന്നു. വിറ്റുവരവിന്റെ 25% (ഡാമേജുൾപ്പെടെ) ഈ സംരംഭത്തിന്റെ നടത്തിപ്പ ചെലവുകൾക്കായി 'ശ്രുതി ആർട്ട്സിന്' നൽകുന്നുണ്ട്. മെച്ചപ്പെട്ട വില ലഭിക്കുന്നതിനാൽ ഈ സംരംഭം ലാഭകരമായി നടപ്പിലാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി)ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | ഡി) കാർഷിക ഉൽപ്പന്നങ്ങളായ ചേന, കാച്ചിൽ, ചേമ്പ്, നനകിഴങ്ങ്, മരിച്ചീനി, വാഴപഴങ്ങൾ, തേൻ, തേങ്ങ, വെളിച്ചെണ്ണ, ചക്ക, ശീമച്ചക്ക, കൈതച്ചക്ക സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് പ്രസ്തുത പദ്ധതിയിലൂടെ വിപണനത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ